## ആർ .വി .വി .എച്ച് .എസ് .എസ് .വാളകം



# കേരളീയം

# ആർ .വി .വി .എച്ച് .എസ് .എസ് വാളകം





# പ്രാർത്ഥന



എങ്ങും എങ്ങും നിറയും വെളിച്ചമേ
എൻ മനസ്സിൽ നീ ശാന്തിയാകേണമേ
എൻെറ പാദം ഇടറാതിരിക്കുവാൻ
എന്നും എന്നിൽ ദയ ചൊരിയേണമേ

പൂവിലുറുന്ന പുഞ്ചിരി നീയല്ലോ
പുസ്തകം തരും ജ്ഞാനവും നീയല്ലോ
പുല്ലുമാടവും പൂമണി മേടയും
തുല്യമായ് തരും ശക്തിയും നീയല്ലോ

നല്ല ചിന്തയായ് എൻെറ മനസ്സിലും
നല്ല ഭാഷയായ് നാവിൻെറ തുമ്പിലും
നല്ല ചെയ്തിയായ് എൻെറ കരത്തിലും
നന്മയായ് തൊഴും ശക്തിയും നീയല്ലോ

# എഡിറ്റേഴ്സ് നോട്ട്

ഹൈടെക് യുഗത്തിലെ നവ ചലനങ്ങളിൽ ലോകത്തോടൊപ്പം ആർ വി എച്ച് എസ് എസിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റും. ഞങ്ങളുടെ രണ്ടാമത്തെ ഡിജിറ്റൽ മാഗസിൻ 'കേരളീയം' വായനക്കാരുടെ മുന്നിലേക്ക്. ജന്മനാടിന്റെ വിശുദ്ധിയും,നന്മയും,പ്രതാപവും, സമൃദ്ധിയും അക്ഷര മുത്തുകളിലൂടെ കോർത്ത ഈ നവഹാരം കേരളപ്പിറവിദിനത്തിൽ സവിനയം കേരളീയ സുമനസ്സുകളെ അണിയിക്കട്ടെ. അനുഗ്രഹിച്ചാലും...

എഡിറ്റോറിയൽ ബോർഡ്

## ആശംസ

സ്തുത്യർഹമായ രീതിയിൽ പ്രവരത്തിക്കുന്ന നമ്മുടെ ലിറ്റിൽ കൈററ്സ് യൂണിറ്റ് ഈ വർഷവും ഡിജിറ്റൽ മാഗസിൻ പ്രസിദധീകരിക്കുന്നു. കുട്ടി എഴുത്തുകാരെ പ്രോത്സാഹിപ്പിക്കാനുള്ള ലിറ്റിൽ കൈറ്റ്സിന്റെ ശ്രമങ്ങൾക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു.

ഹെഡ്മിസ്ട്രസ്

# കേരളം

ജനനീ ജന്മഭൂമിശ്ച്ച

സ്വർഗാദപി ഗരീയസി



ജനനിയുംജന്മഭൂമിയും
സ്വർഗ്ഗത്തേക്കാൾ ശ്രേഷ്ഠം

**ഉള്ളടക്കം**

കേരളോല്പത്തി ഐതീഹ്യം

അഭിജിത്ത് എസ് ജി,സിജോ സജി ..................................................10

എന്റെ കേരളം ഒറ്റനോട്ടത്തിൽ

സുജിൻ എസ് ആർ,മേഘ്വൽ മനോഹർ ............................................11

കേരളം വിശദമായി

അബി ബാബു, ശ്രേയ ജി എസ് ......................................................12-13

നവോത്ഥാന നായകന്മാർ

മെറിൻ റോബർട്ട് ..............................................................................14-15

സ്വാതന്ത്ര്യ സമര നേതാക്കൾ

ഗൗരീകൃഷ്ണൻ ,അമൃത എസ് ലാൽ ..................................................16-17

കേരളസംസ്ഥാന രൂപീകരണം

ഡൊമിനിക്ക് സാവിയോ ഏബ്രഹാം ,പൃഥ്വിരാജ് എസ് .........18-19

കേരളീയ കലകലകൾ

ആദിത്യദർശൻ ,സിബിമോൾ ..........................................................20-21

അനുഷ്ഠാന കലകൾ

ഗംഗാരാജീവ്,റിച്ച റെജി ..............................................................22-24

എന്റെ കേരളം

ബിനജാദേവി.......................................................................................25-26

പ്രധാന ഉത്സവങ്ങൾ

ഹരി നാരായണൻ എസ് നായർ .......................................................27-29

വിനേദസഞ്ചാരകേന്ദ്രങ്ങൾ

ബെബിൻ,സുബിൻ ...........................................................................31-32

സുഗന്ധവ്യഞ്ജനങ്ങൾ

ഗൗരി എസ് രാജ് ...................................................................................33

തേടുന്നു നിന്നെ ഞാൻ പൂർണ്ണതയിൽ

അർച്ചന കൃഷ്ണൻ 34

മഴത്തുള്ളി

സൂര്യ എസ് .........................................................................................35

വരകൾ

റിച്ചു റോയ് ....................................................................................36
ഗൗരി എസ് രാജ് ..............................................................................37
അർച്ചന കൃഷ്ണൻ ..............................................................................38
സൂര്യ എസ് ......................................................................................39
അമൽപ്രസാദ് ....................................................................................40
ആനന്ദ്.............................................................................................. 41
മുഹമ്മദ് ബാസിൽ എ ആർ ...........................................................42

**********

# കേരളോല്പത്തി ഐതീഹ്യം

*അഭിജിത്ത് എസ് ജി ,സിജോ സജി*




മഹാവിഷ്ണുവിന്റെആറാമത്തെ അവതാരമായപരശുരാമൻ ക്ഷത്രിയനിഗ്രഹംകഴിഞ്ഞ് ബ്രാഹ്മണർക്ക്ഭൂമിദാനം ചെയ്യാനായി തന്റെ മഴു കന്യാകുമാരിയനിന്ന് വടക്കോട്ട് എറിയുകയുംമഴു വീണ സ്ഥലം വരെയുള്ള കടൽ കരയായി മാറുകയും ചെയ്തു എന്ന് ഐതിഹ്യം. ആ സ്ഥലമാണ് കേരളം എന്ന പേരിൽ പ്രസിദ്ധമായത്.



**********

# എന്റെ കേരളം ഒറ്റ നോട്ടത്തിൽ

സുജിൻ എസ് ആർ,മേഘ്ന മനോഹർ






വലിപ്പത്തിൽ ഇന്ത്യയുടെ 1.18 ശതമാനം മാത്രമുള്ള കേരളം 560 കിലോമീറ്റർ നീളവും 120 കിലോമീറ്റർ വീതിയുള്ള അറബിക്കടലിന്റെ തീരത്തോട് ചേർന്ന് കിടക്കുന്ന ഭൂപ്രദേശമാണ് കേരളം. കിഴക്കുഭാഗത്ത് പർവ്വതനിരകളും, വനങ്ങളും ,പടിഞ്ഞാറ് മനോഹരമായ സമുദ്രതീരവും, കായലുകളും, വളക്കൂറുള്ള സമതലപ്രദേശവും ചേർന്ന സമശീതോഷ്ണ പ്രദേശമാണ് കേരളം. 44 നദികൾ കേരളത്തെ സമ്പുഷ്ടമാക്കിക്കൊണ്ട് ഒഴുകുന്നു .ജാതി ഭേദമന്യേ ജനങ്ങൾ സാഹോദര്യത്തോടെ സൗഹൃദത്തോടെ കഴിയുന്നു. കൃഷിയാണ് പ്രധാന തൊഴിൽ എങ്കിലും ആധുനികതയുടെ കടന്നുകയറ്റം മറ്റു മേഖലകളിലേക്കും ജനങ്ങളെ ആകർഷിക്കുന്നു. 100%സാക്ഷരരായ ജനങ്ങളാണ് ഇവിടെയുള്ളത്.





വിസ്തീർണ്ണം 38,863 ചതുരശ്രകിമി

തലസ്ഥാനം തിരുവനന്തപുരം ജില്ലകൾ 14



താലൂക്ക് 75

വില്ലേജ് 1452

കോർപ്പറേഷനുകൾ 6

നഗരസഭ 87

ജനസംഖ്യ 3 34 0 6 0 6 1

ഭാഷ മലയാളം

വൃക്ഷം കണിക്കൊന്ന

പക്ഷി മലമുഴക്കിവേഴാമ്പൽ

മൃഗം ആന

മത്സ്യം കരിമീൻ

പാനീയം ഇളനീർ

**********

# കേരളം വിശദമായി

*അബി ബാബു ,ശ്രേയ ജി എസ്*

കേരളത്തിൻറെ ഭൂപ്രകൃതിയനുസരിച്ച് കേരളത്തെ മൂന്നായി തിരിച്ചു മലനാട് ഇടനാട് തീരപ്രദേശം നിരപ്പിൽ നിന്നും 75 മീറ്റർ മുകളിൽ ഉയരമുള്ള പ്രദേശങ്ങൾ ആണ് മലനാട്ടിൽ ഉൾപ്പെടുന്നത് കേരളത്തിലെ ആകെ ഭൂവിസ്തൃതിയുടെ 48 ശതമാനവും മലനാട് ആണ് ഇന്ത്യയിലെ പ്രമുഖ പർവ്വത നിരയാണ് പശ്ചിമഘട്ടം ഒരു ഭാഗമാണ് കേരളത്തിലെ കിഴക്കേ അരികിലായി നീണ്ടുകിടക്കുന്ന സഹ്യപർവ്വതം വയനാട് പ്രദേശങ്ങൾ ആനമല നെല്ലിയാമ്പതി പെരിയാർ ഭാഗമാണ് പെരിയാർ പീഠഭൂമി ഇവയൊക്കെ മലനാട് ഭാഗങ്ങളാണ് പാലക്കാട് കിഴക്കുഭാഗം മുതൽ തിരുവനന്തപുരം വരെ സഹ്യാദ്രി നീണ്ടുകിടക്കുന്ന ഈ മലയുടെ പടിഞ്ഞാറ് ഭാഗത്താണ്



നെല്ലിയാമ്പതി പീഡനകാലം പെരിയാർ പീഠഭൂമി പെരിയാർ വടക്കുഭാഗത്താണ് ആനമലയിൽ പഴനിമലയില് ചേരുന്ന ആനമുടി ഏറ്റവും തെക്കുഭാഗത്തുള്ള കൊടുമുടിയാണ് അഗസ്ത്യകൂടം ഉയരം 1869 മീറ്ററാണ് ഏലം ഇഞ്ചി മഞ്ഞൾ കുരുമുളക് തുടങ്ങിയ സുഗന്ധ വ്യഞ്ജനങ്ങളുടെ കൃഷിക്ക് അനുയോജ്യമായ പ്രദേശമാണ് മലനാട് സമുദ്രനിരപ്പിൽ നിന്നും 7.5 മീറ്റർ 75 മീറ്റർ ഇടയിൽ കിടക്കുന്ന പ്രദേശമാണ് ഇടനാട് കേരളത്തിലെ ആകെ വിസ്തൃതിയുടെ 42 ശതമാനവും പിട നാടാണ് പശ്ചിമഘട്ടത്തിലെ പ്രധാന നിരകളിൽ നിന്ന് തെറ്റിപ്പിരിഞ്ഞ പടിഞ്ഞാറോട്ട് നീങ്ങി ഉയരം കുറഞ്ഞ സമുദ്രനിരപ്പിൽ നിന്ന് 25 മുതൽ 250 അടി വരെ ഉയരമുള്ള മൊട്ടക്കുന്നുകൾ ആയിത്തീരുന്ന പ്രദേശമാണ്



ഇടനാട് കിഴക്കേ അരികിലുള്ള പർവ്വതങ്ങളിൽ നിന്നും ഉൽഭവിച്ച ഒഴുകുന്ന നദികൾ വളഞ്ഞു പുളഞ്ഞൊഴുകുന്ന ഗതി മാർഗങ്ങൾക്ക് ഇരുപുറവും ആയി വീതികുറഞ്ഞ താഴ്വരകൾ സൃഷ്ടിച്ചിരിക്കുന്ന 300 മുതൽ 600 മീറ്റർ വരെ ഉയരമുള്ള ഈ മിന്നുന്നത് മേഖലയാണ് ഇടനാട് ഭൂരിഭാഗവും ശിലകൾ മൂടപ്പെട്ട കാണും കൃഷിക്കും അനുയോജ്യമായ പ്രദേശമാണ് ഇടനാട് സമുദ്രനിരപ്പിൽ ഏതാണ്ട് 7.5 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന പ്രദേശമാണ് തീരപ്രദേശം കേരളത്തിലെ ആകെ ഭൂവിസ്തൃതിയുടെ 10 ശതമാനം മാത്രമാണ് ഈ വിഭാഗം മണൽത്തിട്ടകളും ഈ പ്രദേശത്തെ സവിശേഷതയാണ് ഏകദേശം 160 കിലോമീറ്റർ ആണ് തീരപ്രദേശത്ത് നീളം നെല്ല് തെങ്ങ് തുടങ്ങിയ കൃഷിക്ക് അനുയോജ്യമായ പ്രദേശമാണ് തീരപ്രദേശം നദികളുടെ നാടാണ്



കേരളം എന്നാൽ ഉത്തരേന്ത്യൻ നദികളായ സിന്ധു ഗംഗ ബ്രഹ്മപുത്ര എന്നിവയും ആയി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ ഭാരതപ്പുഴയും പെരിയാറും പോലും കൈത്തോടുകൾ മാത്രമാണ് കേരളത്തിൽ ആകെ

44 നദികൾ ആണുള്ളത് മൂന്നെണ്ണം കിഴക്കോട്ടും പടിഞ്ഞാറോട്ടും ആണ് ഒഴുകുന്നത് വടക്കേ ഇന്ത്യയിലെ നദികൾ ഏതെല്ലാം ഹിമാലയത്തിലെ മഞ്ഞുരുകി മഴയിൽ നിന്നും ജലം ലഭിക്കുന്നു എന്നാൽ കേരളത്തിലെ നദികളുടെ ജലത്തിൻറെ ഉറവിടം മഴയാണ് നാട്ടിൽ പെയ്യുന്ന മഴവെള്ളം ആണ് ഈ നദികളിലൂടെ ഒഴുകി എത്തുന്നത് കേരളത്തിലെ നദികൾ എല്ലാം വേനൽക്കാലത്ത് വറ്റി വരളുന്നത് കേരളത്തിലെ സാമൂഹിക സാമ്പത്തിക സാംസ്കാരിക ചരിത്രവുമായി അഭേദ്യമായി ബന്ധമുള്ള ഒരു പരിസ്ഥിതി വ്യൂഹമാണ് കായലുകൾ കേരളത്തിലെ പ്രധാനപ്പെട്ട കായലുകൾ ആണ് വേമ്പനാട്ടുകായൽ അഷ്ടമുടിക്കായൽ ആലപ്പുഴ മുതൽ കോഴിക്കോട് വരെ വ്യാപിച്ചുകിടക്കുന്ന വേമ്പനാട്ടുകായൽ കേരളത്തിലെ ഏറ്റവും വലിയ കായൽ ആണ് 256 ചതുരശ്ര കിലോമീറ്ററാണ് ഇതിൻറെ വിസ്തീർണ്ണം സ്ഥിരമായി അറബിക്കടലിലേക്ക് തുറന്നു കിടക്കും കേരളത്തിലെ നദികൾ പെരിയാർ മീനച്ചിൽ മണിമല അച്ചൻകോവിൽ എന്നിവ വേമ്പനാട്ട് കായലിലാണ് പതിക്കുന്നത് രണ്ടാം സ്ഥാനത്ത് നിൽക്കുന്ന അഷ്ടമുടിക്കായൽ കൊല്ലം ജില്ലയിൽ സ്ഥിതി ചെയ്യുന്നു എട്ടു ശാഖകളുള്ള അതിനാലാണ് ഈ കായലിൽ പേര് ലഭിച്ചത് 518 ചതുരശ്ര കിലോമീറ്ററാണ് ഈ കായൽ വിസ്തീർണ്ണം പശ്ചിമഘട്ടത്തിൽ നിന്നുത്ഭവിക്കുന്ന കല്ലടയാറ് അഷ്ടമുടിക്കായലിൽ പതിക്കുന്നു നീണ്ടകര എന്ന സ്ഥലത്തുവച്ച് കായൽ കടലുമായി ചേരുന്ന ഒരു പ്രധാന മത്സ്യബന്ധന കേന്ദ്രമാണ് നീണ്ടകര ധാരാളം വന്യജീവി സങ്കേതങ്ങൾ ഉണ്ട് അതിൽ പ്രധാനപ്പെട്ടത് നെയ്യാർ വന്യജീവി സങ്കേതം പേപ്പാറ വന്യജീവി സങ്കേതം പെരിയാർ വന്യജീവി സങ്കേതം ഇടുക്കി വന്യജീവി സങ്കേതം കേരളത്തിൽ ആറ് ഋതുക്കൾ ആണുള്ളത് വേനൽക്കാലം ശൈത്യകാലം വസന്തകാലം ഇങ്ങനെ നാലു സുഹൃത്തുക്കളാണ് ഒരു വർഷത്തിൽ ഉള്ളത് ആകട്ടെ ഒരു വർഷത്തെ ശിശിരം ഹേമന്തം വസന്തം ഗ്രീഷ്മം വർഷം ശരത് എന്നിങ്ങനെ തിരിച്ചു കേരളത്തിൽ രണ്ട് മഴക്കാലങ്ങൾ ആണ് ഉള്ളത് കാലവർഷവും തുലാവർഷവും പദ്ധതികളുണ്ട് പള്ളിവാസൽ ജലവൈദ്യുത പദ്ധതി തുടങ്ങിയ സ്വഭാവമുള്ള എന്നിവയാണ് കേരളത്തിലെ പ്രധാന മണ്ണിനങ്ങൾ കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകിയിരിക്കുന്നത് ഒരു സാമ്പത്തിക വ്യവസ്ഥ നീയാണ് കേരളത്തിലുള്ളത് കാർഷിക വിളകളുടെ വിലയിടിവും വിദേശത്തുനിന്നുള്ള കാർഷിക വിളകളുടെ കടന്നുകയറ്റവും ഈ മേഖലയ്ക്ക് ഏറെ വെല്ലുവിളി സൃഷ്ടിച്ചിരിക്കുന്നു


**********

# നവോത്ഥാന നായകന്മാർ

## *മെറിൻ റോബർട്ട്*


കേരളത്തിലെ സാമൂഹിക മാറ്റങ്ങളുടെ അടിസ്ഥാനം പതിനാറാം നൂറ്റാണ്ടോളംപഴക്കമുള്ളതാണ്. തുഞ്ചത്തെഴുത്തച്ഛനെ പോലെയുള്ള എഴുത്തുകാരുടെ സ്വാധീനത്തിൽ ആധുനിക മലയാള ഭാഷ രൂപംകൊണ്ടതും ഭക്തിപ്റസ്ഥാനത്തിന്റെ വളർച്ചയും സാഹിത്യത്തിന് അറിവിനുംമേൽ ബ്രാഹ്മണർക്ക് ഉണ്ടായിരുന്ന കുത്തക തകർക്കാൻ സഹായിച്ചു. ആദ്യം പോർച്ചുഗീസുകാരും പിന്നീട് ഡച്ചുകാരും ഒടുവിൽ ഇംഗ്ലീഷുകാരും എത്തിയത് ഈ മാറ്റങ്ങൾ രാസത്വരകമായി തീർന്നു .യൂറോപ്യൻ മിഷനറിമാരുടെ വരവോടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടായിത്തുടങ്ങുകയും ഈഴവ പോലുള്ള ജാതി സമുദായങ്ങൾക്കിടയിൽ വിദ്യാഭ്യാസം നേടിയ ഒരു വിഭാഗം ആളുകൾ ഉണ്ടായി വരികയും ചെയ്തു .നാടുവാഴിത്തത്തിന് അന്ത്യംകുറിച്ചുകൊണ്ട് തിരുവിതാംകൂറിലും കൊച്ചിയിലും കേന്ദ്രീകൃത രാജവംശങ്ങൾ നിലവിൽ വന്നത് നാടുവാഴിത്തത്തെദുർബലപ്പെടുത്തി.

### ശ്രീനാരായണഗുരു



കേരള നവോദ്ധാനത്തിൻറെ പിതാവ് എന്നറിയപ്പെടുന്ന ശ്രീനാരായണഗുരു 1856 ഓഗസ്റ്റ് 25 ന് ചെമ്പഴന്തി വയൽവാരം വീട്ടിൽ മാടനാശാന്റേയും കുട്ടിയമ്മയുടെയും മകനായി ജനിച്ചു . നാണുഎന്നാണ് ബാല്യകാല പേര് .ഇന്ത്യൻ പോസ്റ്റൽ സ്റ്റാമ്പിൽ ചിത്രം വന്ന ആദ്യ മലയാളിയാണ് ശ്രീനാരായണഗുരു. ജനന-മരണ ദിവസങ്ങൾ കേരള ഗവൺമെൻറ് അവധി ദിവസം ആയി ആചരിക്കുന്ന മലയാളിയാണ് ഇദ്ദേഹം .


### അയ്യങ്കാളി



കേരളത്തിലെ പിന്നോക്ക ജനവിഭാഗങ്ങളുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിച്ച ഒരു സാമൂഹ്യ പരിഷ്കർത്താവാ യിരുന്നു അദ്ദേഹം . സമൂഹത്തിൽ നിന്നും ബഹിഷ്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ മനുഷ്യാവകാശങ്ങൾ സ്ഥാപിച്ചെടുക്കുന്ന വേണ്ടിയാണ് അയ്യൻകാളി പോരാടിയത് .പുലയ സമുദായ അംഗമായിരുന്ന അദ്ദേഹം സംഘാടനവും ശക്തി പ്രകടനവും വഴി സഞ്ചാരസ്വാതന്ത്ര്യം അനുവദിപ്പിച്ച് ശ്രദ്ധേയനായി . 1907 സാധു ജന പരിപാലനയോഗം രൂപവൽക്കരിച്ചു . ഉപജാതികൾക്കതീതമായി ചിന്തിക്കുകയും സമൂഹത്തിലെ ക്രൂരമായ അനാചാരങ്ങളെ എതിർക്കുകയും ചെയ്തു. വിദ്യാഭ്യാസത്തിലൂടെ സാമൂഹ്യ സ്വാതന്ത്ര്യത്തിലേയ്ക്ക് എന്നതായിരുന്നു അയ്യങ്കാളിയുടെ പ്രധാന ആശയം. 1980 ഇന്ദിരാഗാന്ധി അയ്യങ്കാളിയുടെ പ്രതിമ അനാച്ഛാദനം ചെയ്തു.

## ചട്ടമ്പിസ്വാമികൾ

കേരളത്തിലെ സാമൂഹിക നവോത്ഥാനത്തിൽ നിർണ്ണായക പങ്കുവഹിച്ച വ ആഹ്വാനം എന്നിങ്ങനെ അതുവരെ കേരളീയ സമൂഹം ചർച്ച ചെയ്യാത്ത വിഷയങ്ങൾ ചട്ടമ്പിസ്വാമികൾ പൊതുവേദിയിൽ അവതരിപ്പിച്ചു. പുരാണങ്ങളെയും ആചാരങ്ങളെയും യുക്തിയുടെ വെളിച്ചത്തിൽ സമീപിക്കുകയായിരുന്ന അദ്ദേഹത്തിൻറെ പ്രവർത്തനശൈലി.



***********

# സ്വാതന്ത്ര്യ സമര നേതാക്കൾ

## *ഗൗരീകൃഷ്ണൻ,അമൃത എസ് ലാൽ*

### പഴശ്ശിരാജ




കേരളത്തിൽ ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരെ യുദ്ധം പ്രഖ്യാപിച്ച ആദ്യ നാട്ടുരാജാക്കന്മാരിലൊരാളായിരുന്നു പഴശ്ശിരാജ. ബ്രിട്ടീഷുകാർക്കെതിരെ നടത്തിയ ചെറുപ്പുനിൽപ്പുകൾ പരിഗണിച്ച് വീരകേരളസിംഹം എന്ന് വിശേഷിപ്പിക്കുന്നു.

### വേലുത്തമ്പി ദളവ



1765 മെയ് ആറിന് നാഗറ്കോവിലിലാണ് ജനനം. 1802 -1809 വരെ തിരുവിതാംകൂർ ദളവ ആയിരുന്നു നാട്ടുനീളെ ചുറ്റിനടന്ന് രിജ്യത്ത് സമാധാനം ഉറപ്പാക്കി. ബ്രിട്ടീഷ് അനീതികൾക്കെതിരെ ജനങ്ങളെ സംഘടിപ്പിച്ചു. കുണ്ടറ വിളംബരത്തോടനുബന്ധിച്ചുണ്ടായ ഏറ്റുമുട്ടലിൽ സ്വയം വീരമൃത്യു വരിച്ചു.

### കെ പി കേശവമേനോൻ



1886 സെപ്തംബർ ഒന്നിന് തരൂരിൽ ജനിച്ചു. ഇംഗ്ളണ്ടിൽ നിന്ന് ബാരിസ്റ്റർ പഠനത്തിനുശേഷം അഭിഭാഷകനായി കോഴിക്കോട് സേവനം ആരംഭിച്ചു. ഇംഗ്ളീഷ് അന്യായങ്ങൾക്കെതിരെ തിരിഞ്ഞ അദ്ദേഹം ഹോംറൂൾ പ്രസ്ഥാനത്തിന്റെ സജീവപ്രവർത്തകനായി.

## കെ കേളപ്പൻ

കേരളഗാന്ധി എന്നറിയപ്പെടുന്ന ഇദ്ദേഹം ഗാന്ധിജിയുടെ പ്രേരണയിൽ സ്വാതന്ത്ര്യ സമര സേനാനിയായി. ഉപ്പുസത്യാഗ്രഹം,ഗുരുവായൂർ ക്ഷേത്രപ്രവേശന സത്യാഗ്രഹം മുതലായവയിലൂടെ ശ്രദ്ധേയനായി. ഹരിജനോത്ധാരണം,മദ്യവർജ്ജനം എന്നിവയ്ക്കുവേണ്ടിയും പ്രവർത്തിച്ചു,



## ക്യാപ്റ്റൻ ലക്ഷ്മി

ഇന്ത്യൻ നാഷണൽ ആർമിയിൽ ഡോക്ടറായി ചേർന്നുകൊണ്ട് ജീവിതം നാടിന്റെ സേവനത്തിനായി സമർപ്പിച്ച ധീര വനിത. വെടിക്കോപ്പുകൾ ഉൽപ്പെടെയുള്ള ആയുധങ്ങൾ കൈകാര്യം ചെയ്യുകയുംബ്രിട്ടീഷ് സൈന്യങ്ങൽക്ക് കടുത്ത പ്രഹരമേല്പിക്കുകയും ചെയ്തു . വനിതകളെക്കൂടി സ്വാതന്ത്ര്യസമരത്തിൽ പങ്കാളികളാക്കുന്നതിൽ വലിയ പങ്ക വഹിച്ചു



**********

# കേരളസംസ്ഥാനരൂപീകരണം

*ഡൊമിനിക് സാവിയോ എബ്രഹാം,പൃഥ്വീരാജ് എസ്*

സ്വാതന്ത്ര്യാനന്തരം ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന രൂപീകരണം എന്ന ആവശ്യം ശക്തമായി . സംസ്ഥാന പുനസംഘടാആക്ട് അനുസരിച്ച് 1949 ജൂലൈ 1 ന് തിരു-കൊച്ചി രൂപീകൃതമായി . നാലു ജില്ലകളാണ് തിരു-കൊച്ചിയിലുണ്ടായിരുന്നത് . കൊച്ചി, തിരുവനന്തപുരം,തൃശ്ശൂർ,കൊല്ലം എന്നിവ. 1950 ജനുവരി 1 ന് തിരു-കൊച്ചി സംസ്ഥാനം രൂപീകൃതമായി .



1956 നവംബർ 1 നാണ് കേരളസംസ്ഥാനം രൂപം കൊണ്ടത് . ആദ്യ കേരളത്തിൽ അഞ്ച് ജില്ലകളാണ് ഉണ്ടായിരുന്നത് . തിരുവനന്തപുരം,കൊല്ലം, കോട്ടയം,തൃശ്ശൂർ,മലബാർ എന്നിവയായിരുന്നു ജില്ലകൾ .മറ്റു ജില്ലകൾ പിന്നീട് ഉണ്ടായവയാണ് .

1957 ജനവരി 1 പാലക്കാട്,കോഴിക്കോട്,കണ്ണൂർ
1957 ആഗസ്റ്റ് 17 ആലപ്പുഴ
1958 ഏപ്രിൽ 1 എറണാകുളം
1969 ജൂൺ 16 മലപ്പുറം
1972 ജനവരി 26 ഇടുക്കി
1980 നവംബർ 1 വയനാട്
1982 നവംബർ 1 പത്തനംതിട്ട
1984 മെയ് 24 കാസർകോഡ്



നിലവിൽപതിനാല് ജില്ലകളാണ്കേരളത്തിലുള്ളത്

**********







# കേരളീയ കലകൾ

*ആദിത്യദർശൻ,സിബിമോൾ*



## കഥകളി



ഒരു കേരളീയ ദൃശ്യകലയാണ് കഥകളി .നാട്യം, നൃത്യം, നൃത്തം എന്നിവയെ ആംഗികം, സാത്വികം, ആഹാര്യം എന്നീ അഭിനയരീതികളോ ടെ സമന്വയിപ്പിച്ച് അവതരിപ്പിക്കുന്ന ഒരു പ്രസ്ഥാനമാണ് കഥകളി. കൊട്ടാരക്കര തമ്പുരാനാണ് കഥകളിക്ക് രൂപം നൽകിയത്.തോടയം,പുറപ്പാട്,മേളപ്പദം

## മോഹിനിയാട്ടം

നാട്യശാസ്ത്രത്തെ അധികരിച്ചുണ്ടായ പ്രധാനമായ കേരളീയ നൃത്തരൂപം. വിപ്രലംഭശൃംഗാരമാണ് മോഹിനിയാട്ടത്തിന്റെ കാതലായ രസം മോഹിനിയാട്ടത്തിന് പുതുജീവൻ നൽകുന്നതിന് വള്ളത്തോൾ നാരായണമേനോൻ മുഖ്യപങ്കുവഹിച്ച കേരള കലാമണ്ഡലമാണ് മോഹിനിയാട്ടത്തെ പരിപോഷിപ്പിച്ചത്. കലാമണ്ഡലം കല്യാണിക്കുട്ടിയമ്മ ,കലാമണ്ഡലം സത്യഭാമ ,കലാമണ്ഡലം ക്ഷേമാവതി എന്നിവർ . മോഹിനിയാട്ടത്തെജനകീയവും ആഗോളപ്രശസ്തവുമാക്കി.

## ചാക്യാർകൂത്ത്

ശ്രോതാക്കളിൽ ധർമ്മബോധം വളർത്തുക എന്ന ഉദ്ദേശത്തോടെപുരാണ കഥകൾ നർമ്മംകലർത്തി പറഞ്ഞുകേൾപ്പിക്കുന്ന അഭിനയ രൂപമാണ് കൂത്ത് .ശ്ളോകങ്ങൾചൊല്ലിവ്യാഖ്യാനിച്ച് സമൂഹത്തിലെ കൊള്ളരുതായ്മകളെ ഉറക്കെ വിളിച്ചു പറയാനുള്ള വേദി കൂടിയാണ് കൂത്തമ്പലങ്ങൾ. ഈ ക്ഷേത്രകലയിൽ മിഴാവ് ,ഇടയ്ക്ക,ശംഖ്,താളക്കൂട്ടം എന്നിവ ഉപയോഗിക്കുന്നു .



## ഓട്ടൻതുള്ളൽ

കേരളത്തിലെ ഏറ്റവും ജനകീയമായ ക്ഷേത്ര കലയാണ് ഓട്ടൻതുള്ളൽ.കുഞ്ചൻനമ്പ്യാരാണ് തുള്ളലിന്റെ ഉപജ്ഞാതാവ്. കഥകളിയോട് സമാനമായവേഷവിധാനങ്ങളോടെ ഗണപതി ,പടിവട്ടം,കലാശം ,മൂന്നരങ്ങ് എന്നീ ചടങ്ങുകൾക്കു ശേഷം കഥ ചൊല്ലുന്നു .മദ്ദളക്കാരനും കൈമണിക്കാരനുംഏറ്റുചൊല്ലുന്നു.



## കൂടിയാട്ടം





ക്ഷേത്രസന്നിധിയിൽ ചാക്യാന്മാർ നടത്തിവരുന്ന സംസ്കൃതനാടകാഭിനയമാണ് കൂടിയാട്ടം. ഇതിന് ഉപയോഗിക്കുന്ന വാദ്യങ്ങൾ മിഴിവ്,കുഴിതാളം,ഇടയക്ക,ശംഖ്,കുറുകുഴൽ .

**********

# അനുഷ്ഠാന കലകൾ

*ഗംഗ രാജീവ് ,റിച്ച റെജി*

## തെയ്യം



ഉത്തര കേരളത്തിലെ അനുഷ്ഠാന നൃത്തം കല.ദേവതാരൂപങ്ങൾ കോലമായി കെട്ടിആടിച്ച് ആരാധിക്കുകയാണ് തെയ്യംകെട്ടിലൂടെ ചെയ്യുന്നത്. പ്രാദേശികരായ വീരന്മാർ, അന്യായമായി കൊല ചെയ്യപ്പെട്ടവർ, യുദ്ധത്തിൽ കൊല്ലപ്പെട്ടവർ എന്നിവരെയുംകെട്ടിയാടിക്കാറുണ്ട്




## തിറ

തെയ്യത്തിന്റെ മറ്റൊരു രൂപമാണ് തിറ. കോഴിക്കോട് ,വയനാട്, മലപ്പുറം എന്നിവിടങ്ങളിൽ ആണ് തിറ ഉള്ളത് തുടി ,ചെണ്ട ,ഇലത്താളം എന്നീ വാദ്യങ്ങളാണ് പിന്നണിയിൽ ഉപയോഗിക്കുന്നത് .ദേവതകളുടെ കോലം കെട്ടിയാടുന്ന അനുഷ്ഠാന മാണിത് .കുട്ടിച്ചാത്തൻ ,ഗുളികൻ, ഭൈരവൻ,പരദേവത എന്നിങ്ങനെ ധാരാളം തിറകൾ ഉണ്ട്.





## പടയണി

മധ്യതിരുവിതാംകൂറിൽ പ്രചാരത്തിലുള്ള അനുഷ്ഠാനം. ദാരിക നിഗ്രഹം കഴിഞ്ഞ് കോപം ശമിക്കാത്ത കാളിയെ ശാന്തയാക്കാൻ പരമശിവനും

ദേവന്മാരും കോലംകെട്ടിതുള്ളിയതിന്റെ സ്മരണാർഥമാണിത്. തപ്പ് വാദ്യത്തിന്റെ പിന്നണിയിൽ ഗണപതി ,മറുത,യക്ഷി ,പിശാച്, എന്നിവയുടെ കോലങ്ങളാണ് കെട്ടിയാടുന്നത്.

## കുത്തിയോട്ടം

മുഖത്ത് വർണ്ണപ്പുള്ളികൾ ,തലയിൽ കിരീടം, ആഭരണങ്ങൾ എന്നിവ ധരിച്ച ബാലന്മാരാണ് ദക്ഷിണ കേരളത്തിൽ കണ്ടുവരുന്ന ഈ അനുഷ്ഠാനത്തിലുണ്ടാകുക. കൈയിൽ പരിചയെടുത്തുകൊണ്ടു ള്ള ഓട്ടവും ചാട്ടവും ആണ് പ്രധാനം. പാട്ടുകാരും പിന്നണിയിൽ ഉണ്ടാകും.

## മുടിയേറ്

കാളിയുടെ രൂപവും
ഭാവവും മരം കൊണ്ടോ ലോഹം കൊണ്ടോ ഉണ്ടാക്കിയത് ധരിച്ച് കാളിയായി ആടുന്ന ചടങ്ങാണ് പ്രധാനം .കളം വരച്ച് കളം മായ്ച്ച് മുടിയേറ്റ് ആരംഭിക്കുന്നു. നിലവിളക്കിന് മുന്നിലാണ് ആട്ടവും അഭിനയവും നടക്കുന്നത്. കാളി-ദാരിക യുദ്ധം ,ദാരികവധം, ശിവസ്തുതി എന്നിവയാണ് പ്രധാന രംഗങ്ങൾ. ചെണ്ട, ഇലത്താളം, ചേങ്ങില ഇവയാണ് വാദ്യങ്ങൾ.



## പുള്ളുവൻപാട്ട്

പുള്ളോർക്കുടമെന്ന തന്ത്രിവാദ്യത്തിന്റെ ശ്റുതിയിൽ ഈശ്വര സ്തുതികൾ പാടി ദോഷം തീർക്കുന്ന ചടങ്ങ്.


## കളമെഴുത്തുപാട്ട്

കളം വരച്ച് അനുഷ്ഠാനങ്ങൾക്ക് ശേഷം നൃത്തച്ചുവടിനാൽ കളം മായ്ക്കുന്ന ക്ഷേത്ര ചടങ്ങ്.




## മാർഗ്ഗംകളി

സുറിയാനി ക്രിസ്ത്യാനികളുടെ വിനോദകല. തിരുവാതിരകളിയുടെ മട്ടിൽ കത്തിച്ച നിലവിളക്കിനു ചുറ്റും ചുവടുവച്ച് കൈമുദ്രകൾ കാണിച്ച് പാട്ടുപാടി കളിക്കുന്നു.





## കാക്കാരിശ്ശിനാടകം

തിരുവനന്തപുരം ജില്ലയിലും



സമീപത്തും കണ്ടുവരുന്ന വിനോദ ഗ്രാമീണ നാടകം. തമ്പുരാനും മറുപടി പറയുന്ന കാക്കാലനും സാമൂഹികവിമർശനം നിർവഹിക്കുന്നു.



## ചവിട്ടുനാടകം

മധ്യകേരളത്തിൽ ക്രിസ്ത്യാനികളുടെ ഇടയിൽ പ്രചാരത്തിലുള്ള നാടകരൂപം .സംഭാഷണവും  താള ച്ചുവടുകളും ആട്ടവും ചാട്ടവും ആണ് മുഖ്യം. കഥാപാത്രങ്ങളുടെ വേഷ ഭംഗി പ്രധാന ആകർഷണം .

## വില്ലിന്മേൽ തായമ്പക

ഈറമ്പന ചെത്തി
വളച്ച് മുളകൊണ്ട് ഞാൺ
ഉണ്ടാക്കി മുളങ്കോലുകൊണ്ട്തായമ്പക നടത്തുന്ന താളകല.

**********

# എന്റെ കേരളം

***ബിനുജ ദേവി ബി***

വെള്ളിക്കരയിട്ട മരതക പട്ടു ചുറ്റി
മണ്ണിൻ മകുടമായി വിളങ്ങും
ലാവണ്യവതീ മനശാന്തി തരും
മമ ജന്മനാടേ മനോഹരീ
കള കളമൊഴുകി സ്നിഗ്ധ
മടിത്തട്ടു
കാണമാറഴകാർന്ന-



രുവികളുമതിരിൽമേഘമേലാപ്പു
തൊട്ടുമുത്തുംഗ മേരുക്കളും
പച്ചപ്പട്ടുപാവാടയിൽമിന്നും
വെള്ളിനൂലിഴപോലസംഖ്യം
ശീതളമാമല ഞൊറിയിളകും
കോമളനദികളുമീറൻ തടങ്ങളും
മഞ്ഞുപൊഴിയും വസന്തത്തിൽ
വിരിയുമായിരം പൂ വാടികൾ
കുളിർത്തെന്നലായാഞ്ഞുവീശും
ഉഷ്ണകാലത്തും നീല ജലാശയങ്ങൾ
ഇളം കാറ്റിൽ പാറുമംഗനതൻ
ചേലപോലലംകൃതം ചേലൊത്ത
നീല വർണ്ണ മനോഹര തിര
ഞൊറിയും സാഗരം നീളെ
മണ്ണിൻ മാദകഗന്ധം നുകരും

മക്കൾക്കാശ്രയമരുളും
മമ നാടേ മനോഹരി മനസ്സിൽ
നിൻ മുഗ്ധസൗന്ദര്യം മുകരുന്നു ഞാൻ

സായ് ദേവ്

**********

# പ്രധാന ഉത്സവങ്ങൾ

*ഹരി നാരായണൻ എസ് നായർ*

*ഗൗരി എസ് രാജ്*


കേരളത്തിലെ പ്രധാന ഉത്സവം സ്വാഭാവികമായ ലളിത ജീവിത ശൈലിക്കുമേൽ വർണ്ണപ്പൊലിമ വിരിക്കുന്ന ദൈവത്തിൻറെ സ്വന്തം നാടിന്റെ യഥാർത്ഥ ആഘോഷങ്ങളാണ് ഉത്സവങ്ങൾ. ദേശീയോത്സവമായ ഓണത്തിനാകട്ടെ,പ്രാദേശിക ആരാധനാലയങ്ങളുമായിബന്ധപ്പെട്ട മറ്റ് ഉത്സവങ്ങളിലാകട്ടെ പുതുവസ്ത്രങ്ങളും വിഭവസമൃദ്ധമായ സദ്യയും അവിഭാജ്യഘടകങ്ങളാണ് എന്നതിനപ്പുറം കേരളത്തിലെ ഉത്സവങ്ങൾ നാടിന്റെ സ്വന്തം കലാരൂപങ്ങളും സംസ്കാരവും കാത്തുസൂക്ഷിക്കാനുള്ള പരിശ്രമങ്ങളാണ് .

ഓണം



കേരളം മുഴുവൻ ഓണാഘോഷത്തിന് വേദിയായി തീരുന്നു .ഓണനാളുകളിൽ കേരളക്കരയിലെങ്ങും സന്തോഷവും ആവേശവും നിറഞ്ഞു മനോഹരമാകുന്നു .ഓണം മലയാളിയുടെ സ്വന്തം ഉത്സവം. ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിലായി ആണ് മലയാളമാസമായ ചിങ്ങം കടന്നുവരുന്നത് .കേരളത്തിലെ പുരാതന രാജാവായ മഹാബലി പ്രജകളെ കാണാനായി തിരുവോണദിവസം എഴുന്നള്ളുന്നു എന്നാണ് സങ്കല്പം .

ദീപാവലി



കേരളം മുഴുവൻ ദീപാവലി ആഘോഷിക്കുന്നു .ദീപാവലി ദീപങ്ങളുടെ ഉത്സവമാണ് .നരകാസുരനെ ശ്രീകൃഷ്ണൻ വധിച്ചതിന്റെ സ്മരണാർത്ഥമാണ് ദീപാവലി കൊണ്ടാടുന്നത് എന്നു

വിശ്വാസം.  കേരളത്തിൽ ചില പ്രത്യേക പ്രദേശങ്ങളിൽ ദീപാവലി കൂടുതൽ വർണ്ണപ്പൊലിമയോടെ ആഘോഷിക്കപ്പെടുന്നു.  പുതുവസ്ത്രങ്ങൾ അണിഞ്ഞും വീടുകളിലും തെരുവുകളിലും ദീപാലങ്കാരങ്ങൾ തൂക്കിയും മധുരപലഹാരങ്ങൾ കൈമാറിയും ദീപാവലി കൊണ്ടാടുന്നു.  നരകാസുരനെ ശ്രീകൃഷ്ണൻ വധിച്ച സ്മരണയ്ക്കായി ദീപാവലി ആഘോഷിക്കുന്നു എന്നാണ് വിശ്വാസം .

വിഷു



കേരളത്തിലെ കാർഷികോത്സവമാണ് വിഷു . മലയാളമാസം മേടം ഒന്നിനാണ് വിഷു ആഘോഷിക്കുന്നത് അടുത്ത ഒരു കൊല്ലത്തെ ഫലത്തെ കുറിച്ചും ഇക്കാലയളവിൽ ജനങ്ങൾ ചിന്തിക്കുന്നു. വിഷുഫലം എന്നാണ് ഇതിനു പറയുക. കേരളത്തിൽ മാത്രമല്ല അയൽ സംസ്ഥാനങ്ങളിൽ അതിർത്തിയോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങളിലും വിഷു ആഘോഷിക്കാറുണ്ട് . ഭാരതത്തിലെ മിക്ക സംസ്ഥാനങ്ങളിലും സമാനമായ ആഘോഷങ്ങൾ ഉണ്ട് . എല്ലായിടത്തും ഭാരതത്തിൽ മുൻപ് നിലവിലിരുന്ന പഞ്ചാംഗം പ്രകാരമുള്ള വർഷാരംഭമാണ് വിഷു . ദൈവമേ തൻ നെൽ പൊലിക എന്നും മറ്റുമുള്ള പുള്ളുവപ്പാട്ടും വിഷുവിന്റെ ഐശ്വര്യ ദായക സ്വഭാവത്തെയാണ് കാണിക്കുന്നത് . വിഷുവിനു ചെയ്യുന്ന കാര്യങ്ങളുടെ ഫലങ്ങൾ അടുത്ത ഒരു കൊല്ലക്കാലം നിലനിൽക്കുന്നു എന്നാണ് വിശ്വാസം. ശ്രീകൃഷ്ണ ആരാധനയുമായി ബന്ധപ്പെട്ടും പ്രാധാന്യമുണ്ട് ഗുരുവായൂർ ക്ഷേത്രത്തിൽ വളരെ പ്രാധാന്യത്തോടെ വിഷു ആഘോഷിക്കാറുണ്ട് .

തൃശ്ശൂർ പൂരം



തൃശ്ശൂർ പൂരം കേരളത്തിലെ ഏറ്റവും പ്രശസ്തമായ ഉത്സവം . ആയിരക്കണക്കിന് ആളുകൾ പൂരമാഘോഷിക്കാൻ തൃശ്ശൂർ തേക്കിൻകാട് മൈതാനത്ത് എത്തിച്ചേരുന്നു . കേരളീയ വാസ്തു വിദ്യാപാരമ്പര്യത്തിന്റെ ഉത്തമോദാഹരണമായ വടക്കുംനാഥ ക്ഷേത്രത്തിന്റെ അങ്കണത്തിലാണ് പൂരം നടക്കുന്നത്.  നെറ്റിപ്പട്ടം കെട്ടിയ 30 ഗജവീരന്മാരാണ് തൃശ്ശൂർപൂരത്തിന് എഴുന്നള്ളുന്നത് . കുടമാറ്റമാണ് ഉത്സവത്തിൻറെ മറ്റൊരു വിശേഷം.  വിവിധ വർണ്ണങ്ങളിലുള്ള കുടകൾ താളാത്മകമായി അതിവേഗം മാറിമാറി

ഉയർത്തിക്കാണിക്കുന്ന ചടങ്ങാണ് കുടമാറ്റം .കേരളത്തിലെ ഏറ്റവും പ്രഗല്ഭരായ താളവിദ്വാന്മാരണിനിരക്കുന്ന ചെണ്ട മേളവും പഞ്ചവാദ്യവും കാഴ്ചക്കാരെ ആവേശത്തിന്റെ കൊടുമുടി കയറ്റുന്നു. രണ്ടു ദിവസത്തോളം നീളുന്ന കാഴ്ചയുടെ ഉത്സവത്തിന് ഗംഭീരമായ കരിമരുന്ന് പ്രയോഗത്തോടെ ആണ് തിരശീല വീഴുന്നത് .

നെഹ്‌റു ട്രോഫി വള്ളംകളി




കേരളത്തിലെ കായലുകളിൽ അരങ്ങേറുന്ന ജലോത്സവങ്ങളിൽ ഏറ്റവും പൊലിമയാർന്നതും പ്രശസ്തവും നെഹ്‌റു ട്രോഫി വള്ളംകളി ആണ് . എല്ലാ വർഷവും ആഗസ്റ്റ് മാസത്തിലെ രണ്ടാം ശനിയാഴ്ചയാണ് ഈ മത്സരവള്ളംകളി നടക്കുന്നത്. ഇന്ത്യയിലെ പ്രഥമ പ്രധാനമന്ത്രിയായ ജവഹർലാൽ നെഹ്‌റു സമ്മാനിച്ച ട്രോഫിക്കുവേണ്ടി ജലരാജാക്കൻമാരായ ചുണ്ടൻവള്ളങ്ങൾ മത്സരിക്കുന്നു. ഇതോടൊപ്പം അലങ്കരിച്ച വള്ളങ്ങളും, വർണ്ണപ്പൊലിമ അണിചേരുന്ന ഘോഷയാത്ര യും അപൂർവമായ ദൃശ്യവിരുന്ന് ഒരുക്കുന്നു.

ആറന്മുള വള്ളംകളി



വശ്യ മാന്ത്രികതയിൽ കാഴ്ചക്കാരെ വിസ്മയിപ്പിക്കുന്ന അനുഷ്ഠാനപരമായ ജലോത്സവം എന്ന നിലയിൽആറന്മുള വള്ളംകളി പ്രാധാന്യം നേടുന്നു. ഓണക്കാലത്തിന്റെ ദൃശ്യസമൃദ്ധിക്കിടയിൽപമ്പാനദിയിലെ ഓളങ്ങളിൽ തെന്നിത്തെന്നി അതിവേഗം നീങ്ങുന്ന ചുണ്ടൻ വള്ളങ്ങൾ മനസ്സിൽ തങ്ങി നിൽക്കുന്ന കാഴ്ചയാണ്. ആറന്മുള പാർത്ഥസാരഥി ക്ഷേത്രവുമായി

ബന്ധപ്പെട്ടിരിക്കുന്നതിനാൽ അനുഷ്ഠാനപരമായ ഒരു തലം കൂടിയുണ്ട് . മുൻകാലങ്ങളിൽ ആറന്മുള ക്ഷേത്രത്തിലെ തിരുവോണ സദ്യയ്ക്ക് ആവശ്യമായ വിഭവങ്ങൾ കൊണ്ടുവന്നിരുന്ന യാത്രയുടെ ഓർമ്മ പുതുക്കൽ കൂടിയാണ് ആറന്മുള വള്ളംകളി.

**********

# വിനോദസഞ്ചാര കേന്ദ്രങ്ങൾ

***ബെബിൻ ,സുബിൻ***

ഇന്ത്യയിലെ മികച്ച വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഒന്നാണ് കേരളം .പ്രകൃതി സൗന്ദര്യം കനിഞ്ഞനുഗ്രഹിച്ച ഭൂമിയിലെ സ്വർഗം ആണ് കേരളം .കടൽത്തീരങ്ങൾ,കായലുകൾ, മലയോരകേന്ദ്രങ്ങൾ എന്നിവ കേരളത്തിലെ പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളാണ്. കടൽത്തീരങ്ങൾ ആയ കോവളം, വർക്കല, ശംഖുമുഖം ,ആലപ്പുഴ, ചെറായി ,മുഴപ്പിലങ്ങാട് തുടങ്ങിയവയും അഷ്ടമുടി കായൽ ,കുമരകം പാതിരാമണൽ തുടങ്ങിയവ എടുത്തുപറയേണ്ട വിനോദസഞ്ചാര കേന്ദ്രങ്ങളാണ് . കെട്ടുവള്ളങ്ങളും കായലുകളും ആണ് മറ്റൊരു പ്രധാന ആകർഷണം .നെയ്യാർ ,മൂന്നാർ ,നെല്ലിയാമ്പതി ,ദേവികുളം, പൊന്മുടി ,വയനാട് ,പൈതൽ മല, വാഗമൺ എന്നിവ ചില പ്രധാന മലയോര വിനോദ സഞ്ചാര കേന്ദ്രങ്ങളാണ്

## കോവളം



കോവളം അന്താരാഷ്ട്ര പ്രശസ്തമായ ഒരു ബീച്ചാണ് .തൊട്ടടുത്തടുത്തായി മൂന്നു ബീച്ചുകൾ ഇവിടെയുണ്ട് . 1930 കൾ മുതൽ യൂറോപ്യന്മാരുടെ പ്രിയപ്പെട്ട ഒഴിവുകാല കേന്ദ്രമാണ് കോവളം . കടൽ ത്തീരം പാറക്കെട്ടുകൾ നിറഞ്ഞതായതിനാൽ അവയ്ക്കിടയിൽ മനോഹരമായ ഒരു ഉൾക്കടൽ പോലെ രൂപാന്തരപ്പെട്ടിരിക്കുന്നു. അതിനാൽ കടൽ സ്നാനത്തിന് പറ്റിയ വിധം ശാന്തമായിരിക്കും .വിനോദ വും ഉല്ലാസവും പകരുന്ന ഒട്ടേറെ സൗകര്യങ്ങൾ ഇവിടെ ഒത്തുചേരുന്നു.

കുമരകം



ഒരു കൂട്ടം ചെറു ദ്വീപുകളുടെ കൂട്ടമായ കുമരകത്ത് 14 ഏക്കറിലായി പരന്നു കിടക്കുന്ന ഒരുപക്ഷി സങ്കേതമുണ്ട്

.ദേശാടനക്കിളികളുടെ പ്രിയതാവളമായ ഇവിടം പക്ഷിനിരീക്ഷകരുടെ പറുദീസയാണ്. ബോട്ട് സഞ്ചാരത്തിന് ഏറ്റവും ഉചിതമായ ഒരു സ്ഥലമാണിത്.

## മൂന്നാർ

### ഇരവികുളം ഉദ്യാനം

മൂന്നാറിലെ ഏറ്റവും പ്രധാന ആകർഷണങ്ങളിലൊന്നാണ് ഇരവികുളം ദേശീയ ഉദ്യാനം .മൂന്നാറിൽ നിന്ന് 15 കിലോമീറ്റർ ദൂരെ സ്ഥിതിചെയ്യുന്ന ഇവിടം വരയാടുകൾ എന്ന വംശനാശം നേരിടുന്ന ജീവി വർഗ്ഗത്തിൻറെ സാന്നിധ്യംകൊണ്ട് ലോക



ശ്രദ്ധ നേടുന്ന .97 ചതുരശ്ര കിലോമീറ്ററിൽ വ്യാപിച്ചു കിടക്കുന്ന ഈ ഉദ്യാനത്തിൽ അപൂർവ്വ ഇനം ചിത്രശലഭങ്ങൾ ,പക്ഷികൾ ,ജന്തുക്കൾ എന്നിവയുണ്ട് . മഞ്ഞുപുതച്ച മലനിരകൾ,തേയിലത്തോട്ടങ്ങൾ എന്നിവ മനോഹരമാക്കുന്ന ഈ പ്രദേശം ട്രക്കിംഗിൽ താൽപര്യമുള്ളവർക്ക് പൂർണ്ണസംതൃപ്തി നൽകും . നീലക്കുറിഞ്ഞികൾ പൂത്തിറങ്ങുന്നകാലമാകുമ്പോൾ മലഞ്ചെരിവുകൾ നീല വിരിയിട്ട് സുന്ദരമാകും. 12 വർഷം കൂടുമ്പോഴാണ് പശ്ചിമഘട്ടത്തിലെ നീലക്കുറിഞ്ഞികൾ പൂക്കുന്നത് .

ഇരവികുളം ദേശീയ ഉദ്യാനത്തിനുള്ളിലാണ് ആനമുടി .





സമുദ്രനിരപ്പിൽ നിന്ന് ഏകദേശം 2700 മീറ്റർ ഉയരത്തിലുള്ള ആനമുടി തെക്കേ ഇന്ത്യയിലെ ഏറ്റവും ഉയരമുള്ള കൊടുമുടിയാണ് . കൊടുമുടി യിലേക്കുള്ള യാത്രയ്ക്ക് വനം വന്യജീവി വകുപ്പിന്റെ പ്രത്യേക അനുമതി ആവശ്യമുണ്ട് .

## മാട്ടുപ്പെട്ടി

മൂന്നാർ പട്ടണത്തിൽ നിന്ന് 13 കിലോമീറ്റർ അകലെ 1706 മീറ്റർ ഉയരത്തിലുള്ള ഇവിടെ ജലസംരക്ഷണത്തിനുള്ള ചെറിയ അണക്കെട്ടും മനോഹരമായ തടാകവും ഉണ്ട് .ഈ തടാകത്തിൽ സഞ്ചാരികൾക്ക് ബോട്ടിംഗ് നടത്താം.

**********

# സുഗന്ധവ്യഞ്ജനങ്ങൾ

ഗൗരി എസ് രാജ്

ചരിത്രാതീത കാലം മുതൽക്കുതന്നെ കേരളം സുഗന്ധവ്യഞ്ജനങ്ങൾക്ക് പ്രസിദ്ധമാണ്. ഇന്ത്യയുടെ സുഗന്ധതലസ്ഥാനം എന്നാണ് കേരളം അറിയപ്പെടുന്നത് . കേരളത്തിലേയ്ക്ക് വിദേശീയരെ ആകർഷിച്ച മുഖ്യ ഘടകം ഇവിടുത്തെ സുഗന്ധവ്യഞ്ജനങ്ങൾ ആയിരുന്നു .















***********

# തേടുന്നു ഞാൻ നിന്നെ പൂർണതയിൽ

അർച്ചന കൃഷ്ണൻ

ചിതറിത്തെറിപ്പിച്ച നിന്നോർമ്മകളിൽ
ഞാനീ മുറ്റത്തിരുന്നു കരയുന്നു നിത്യവും
നിന്റെ ആ ഭംഗിയെ ക്രൂരമായി പീഡിപ്പിച്ച
കാട്ടാളന്മാരേ ഞാനിനി എന്തു ചെയ്യണം
പ്രിയതമേ ഞാൻ നിന്റെ മരണത്തിനു കൂട്ടുനിന്നു
ഞാൻ ചെയ്ത തെറ്റിന് മാപ്പില്ല എന്നെനിക്കറിയാം
എന്നാലും കേഴുന്നു ഞാൻ
നിന്നിൽ വസിക്കുന്ന ഞങ്ങളെ തന്നെ
ഞങ്ങൾ ആയി തന്നെ നിഷ്കരിക്കുക തന്നെയല്ലേ
തേടുന്നു ഞാൻ നിന്നെ പൂർണതയിൽ
എവിടെയാണിന്നു നീ എവിടെയാണ്?
ഇന്നു നീ പ്രണയത്തിലും മരണത്തിലും
മാത്രമായില്ലേ പ്രിയതമേ

എന്തിനീ ക്രൂരത
ഏറ്റുവാങ്ങാനായി
നിന്നുകൊടുത്തു നീ
നാശത്തിന് ഒരു
തിരിച്ചടിയായി
കേരള നാടിന് പ്രളയം
എന്ന
പേടി സ്വപ്നം മാത്രം
എങ്കിലും തേടുന്നു ഞാൻ




നിന്നെ പൂർണതയിൽ
എവിടെയാണെന്റെ അമ്മേ നീ ?
തേടുന്നു ഇന്നും ഞാൻ ഇനി എന്നും....
**********

# മഴത്തുള്ളി

സൂര്യ എസ്

നിന്റെ ഭംഗി നിന്റെ ഭംഗി നിന്റെ ഭംഗിയാണ് എന്തു ഭംഗി
മഴയാണെനിക്ക് മഴയാണെനിക്ക് മഴയാണെനിക്കിഷ്ടം
തുവെള്ളിത്തുള്ളികളാൽ മുറ്റത്തേക്കിറങ്ങുന്ന തുള്ളികളാണെനിക്കിഷ്ടം
കുഞ്ഞു തുള്ളികളാണെനിക്കിഷ്ടം




അതിവേഗമൊഴുകുമ്പോൾതുളുമ്പുന്ന എൻ മനം
നിന്നോടലിയുവാൻ ആഗ്രഹിക്കുന്നു
എന്തേ നീ വേഗം പോയ് മറയുന്നു
ഒരു നോക്ക് നോക്കുമ്പോൾഅലിയുന്നു എൻമനം
ചിണുങ്ങിച്ചിണുങ്ങി നീവരവായീടുമ്പോൾ
ആനന്ദഭരിതയാകുന്നു ഞാൻ ആനന്ദഭരിതയാകുന്നു
നിന്റെ ഭംഗി നിന്റെ ഭംഗി നിന്റെ ഭംഗിയാണ് എന്തു ഭംഗി


**********

# വരകൾ

റിച്ചു റോയ്



## ഗൗരി എസ്‌ രാജ്




## അർച്ചന കൃഷ്ണൻ




## സൂര്യ എസ്



**അമൽപ്രസാദ്**




ആനന്ദ്



## മുഹമ്മദ് ബാസിൽ








A Glimpse At
Kerala's
culture


shutterstock.com • 626729018







ഓരോ കേരളപ്പിറവിയും മലയാളത്തിന്റെ
ആത്മാവിനെ തൊട്ടറിയാനുള്ള
മലയാളിയുടെ നിലയ്ക്കാത്ത ത്വരയെ ഉണർത്തട്ടെ.
അഭിമാനത്തോടെ പറയാൻ കഴിയട്ടെ
ഞാൻ ഒരു മലയാളി

## നന്ദി

## ആർ വി വി എച്ച് എസ് എസ് വാളകം